**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 652** **02-02-2023 - ൽ മറുപടിയ്ക്ക്**

**കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ വലിയ വെളിച്ചം വ്യവസായ വളർച്ചാകേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ "വലിയ വെളിച്ചം വ്യവസായ വളർച്ചാകേന്ദ്ര'ത്തിന് കൂടുതൽ ഭൂമി ഏറ്റെടുക്കുന്നതിന് പദ്ധതിയുണ്ടോ, വിശദമാക്കുമോ ; | (എ) | വലിയവെളിച്ചം വ്യവസായ വളർച്ചാ കേന്ദ്രത്തിലെ 310 ഏക്കർ ഭൂമിയിൽ നിലവിൽ മിച്ചമുള്ള ഏകദേശം 72.50 ഏക്കർ ഭൂമിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കൂടുതൽ ഭൂമി ഏറ്റെടുക്കുന്നതിന് നിലവിൽ പദ്ധതികളൊന്നും ആസൂത്രണം ചെയ്തിട്ടില്ല . |
| (ബി) | കുറഞ്ഞ വിലയ്ക്ക് തരിശുഭൂമി തടസ്സങ്ങളില്ലാതെ ഏറ്റെടുക്കാൻ കഴിയുന്ന സാഹചര്യങ്ങളുള്ളതിനാൽ ഭാവി വികസനം കണക്കിലെടുത്ത് കുറഞ്ഞത് 250 ഏക്കറെങ്കിലും ഭൂമി ഏറ്റെടുക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ, എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ? | (ബി) | വലിയവെളിച്ചം വ്യവസായ വളർച്ചാ കേന്ദ്രത്തിന്റെ ചുറ്റുമുള്ള പ്രദേശങ്ങളിൽ കരിങ്കൽ ക്വാറികളാണ്. ഇത് വ്യവസായ പാർക്കിനു അനുയോജ്യമായ ഭൂമിയല്ലെന്ന് വിലയിരുത്തിയിട്ടുണ്ട്. വ്യവസായ പാർക്കിൽ ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് മുൻപായി ആവശ്യമായ പഠനം നടത്തി അനുയോജ്യമാണെന്ന് കണ്ടെത്തി തുടർ നടപടി സ്വീകരിക്കുക എന്നതാണ് പുതിയ നയമായി സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ